# കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ
# കുടുംബ കൂട്ടവും, സമഗ്ര വികസനവും

## കുടുംബകൂട്ടത്തിന്റെ സംഘാടനം

### 1. പഞ്ചായത്ത് ഭരണസമിതി

പഞ്ചായത്ത് ഭരണസമിതി ചേർന്ന് കുടുംബകൂട്ടം രൂപീകരിക്കാനും രൂപീകരിക്കാനായി തയ്യാറാക്കിയ പ്രവർത്തന കലണ്ടറും( കലണ്ടർ തയ്യാറാക്കി ഭരണ സമിതിയിൽ അവതരിപ്പിക്കണം) അംഗീകരിക്കണം. ഇതിന്റെ പ്രവർത്തന മേൽനോട്ടം വികസന സ്റ്റാന്റിംഗ് കമ്മറ്റിയെ ഏൽപ്പിക്കുകയോ രണ്ടോ മൂന്നോ മെമ്പർമാരെ ചേർത്ത് ഒരു കമ്മറ്റിയാക്കുകയോ ചെയ്യുന്നത് നന്നായിരിക്കും. പഞ്ചായത്ത് ഭരണ സമിതിയോഗം കഴിഞ്ഞാൽ അന്ന് തന്നെ കൂടിയാലോചനായോഗവും നടത്തുന്നത് നന്നായിരിക്കും.

### 2. പഞ്ചായത്ത് തല ആലോചനായോഗം

പഞ്ചായത്ത് തലത്തിൽ ആസൂത്രണ സമിതി അംഗങ്ങൾ, പഞ്ചായത്ത് ജനപ്രതിനിധികൾ, നിർവ്വഹണ ഉദ്യോഗസ്ഥർ എന്നിവരുടെ അരദിവസത്തെ യോഗം. ഇതിൽ ചുവടെ കൊടുത്തിട്ടുള്ള കാര്യങ്ങൾ വിശദീകരിക്കണം.

- കുടുംബക്കൂട്ടം എന്ത്? എന്തിന്?
- കുടുംബകൂട്ടത്തിന്റെ ഘടന
- തുടർന്ന് നടക്കേണ്ട പ്രവർത്തനങ്ങൾ

**തുടർപ്രവർത്തനങ്ങൾ**

1) പഞ്ചായത്ത്തല ശിൽപ്പശാല തീയ്യതി നിശ്ചയിക്കണം
2) അതിൽ പങ്കെടുക്കേണ്ടവരെ കണ്ടെത്തി പങ്കെടുപ്പിക്കാനുള്ള ചുമതല ജനപ്രതിനിധികളെ ഏൽപ്പിക്കണം.
3) വോട്ടേഴ്സ് ലിസ്റ്റിന്റെ സഹായത്തോടെ ഒരു വാർഡിലെ തൊട്ട് അടുത്ത് വരുന്ന ശരാശരി അൻപത് വീടും , അതിൽ വരേണ്ട ഭൂപ്രദേശവും, അതിൽ ഉൾപ്പെടേണ്ട, റോഡ്, കവല, പൊതുസ്ഥാപനങ്ങൾ അടക്കം ആ അൻപത് വീടിന്റെ കുടുംബകൂട്ടത്തിൽ വരത്തക്ക തരത്തിൽ വാർഡിൽ കൂടിയിരുന്ന് ഒരു പ്ലാൻ തയ്യാറാക്കി പഞ്ചായത്ത് തല ശിൽപ്പശാലയിൽ പങ്കെടുക്കാൻ ജനപ്രതിനിധികൾക്ക് നിർദ്ദേശം നൽകാം.

### 3. പഞ്ചായത്ത്തല ശിൽപ്പശാല

പഞ്ചായത്ത് തല ശിൽപ്പശാലയിൽ തെരഞ്ഞെടുത്ത, ക്ലാസ്സെടുക്കാൻ കഴിവുള്ള അഞ്ച്പേർ, ADS ചെയർ പേഴ്സൺ, അങ്കൺവാടി വർക്കർമാർ ആശാവർക്കർമാർ, തുടങ്ങി 10 പേരും, ജനപ്രതികളും ഈ യോഗത്തിൽ പങ്കെടുക്കണം, അരദിവസത്തെ ശിൽപ്പശാല മതിയാവും. ഇതിൽ ചുവടെ കൊടുത്തിട്ടുള്ള കാര്യങ്ങൾ നടക്കണം.

1. കുടുംബകൂട്ടം എന്ത് എന്തിന് ഘടന സംബന്ധിച്ച അവതരണം.
2. തുടർ പ്രവർത്തനങ്ങളുടെ അവതരണം.
3. വാർഡ്തല ഗ്രൂപ്പ് ചർച്ച, വാർഡ് ആസൂത്രണം(കുടുംബ കൂട്ടങ്ങൾ വിളിക്കാനുള്ള തീയ്യതി നിശ്ചയിച്ച് വരാൻ നേരത്തേ ആവശ്യപ്പെടണം, ഇതിന്റെ അടിസ്ഥാനത്തിൽ വേണം വാർഡ് തല പ്ലാനിങ്ങ് നടത്തേണ്ടത്) ഓരോ കുടുംബകൂട്ടവും കൂടേണ്ട സ്ഥലം, തീയ്യതി, സമയം അതിൽ മെമ്പറെ കൂടാതെ അവതരണത്തിന് പങ്കെടുക്കേണ്ടതാര് എന്നിവ ആസൂത്രണം ചെയ്യണം. നാല് ദിവസം കൊണ്ട് വാർഡിൽ പൂർത്തിയാക്കാൻ ഉതകുന്ന തരത്തിൽ തീയ്യതികൾ നിശ്ചയിക്കണം.

**4. വാർഡ്തല സംഘാടക സമിതി**

വാർഡ്തലത്തിലെ സംഘാടക സമിതിയിൽ പഞ്ചായത്ത് തല ശിൽപ്പശാലയിൽ പങ്കെടുത്തവർ കൂടാതെ വാർഡിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി 25 പേരെക്കൂടി വിളിച്ച് ചേർക്കണം. പഞ്ചായത്ത്തല ശിൽപ്പശാലക്ക് വരുന്നതിന് മുന്നെ, പഞ്ചായത്ത്തല ശിൽപ്പശാലക്ക് ശേഷമുള്ള തൊട്ടടുത്ത് രണ്ട് ദിവസങ്ങളിൽ ഒരു ദിവസം സംഘാടക സമിതി ചേരാനുള്ള തീയ്യതി നിശ്ചയിക്കുകയും, അതിന്റെ അറിയിപ്പ് നേരത്തേ നൽകുകയും വേണം.

1. കുടുംബക്കൂട്ടം എന്ത്, എന്തിന്, ഘടന എന്നിവ സംബന്ധിച്ച് അവതരണം
2. എത്ര കുടുംബ കൂട്ടങ്ങൾ, എവിടെയൊക്കെ എത്ര കുടുംബങ്ങൾ ഏതൊക്കെ തീയ്യതി സ്ഥലം എന്ന അവതരണം.
3. ഓരോ കുടുംബ കൂട്ടത്തിന്റേയും സംഘാടന ചുമതലയുള്ളവർ പ്രത്യേകം പ്രത്യേകം ഇരുന്ന്. സംഘാടനത്തിന്റെ രൂപരേഖ തയ്യാറാക്കണം.

**5. കുടുംബക്കൂട്ടത്തിന്റെ സംഘാടനം**

- പഞ്ചായത്ത് പ്രസിഡന്റും വാർഡ് മെമ്പറും ഒപ്പിട്ട കത്ത് സംഘാടന ചുമതലയുള്ളവർ എല്ലാ വീട്ടിലും എത്തിക്കണം. പഞ്ചായത്ത് മെമ്പർ ക്ഷണകത്ത് എഴുതിയ നോട്ട് ബുക്കിൽ ഓരോ വീട്ടിലും കത്ത് കൊടുക്കുമ്പോൾ ഒപ്പിടീച്ചും വാങ്ങണം. ആ വീട്ടിലെ മുഴുവൻ പേരേയും കുട്ടികൾ അടക്കം യോഗത്തിലേക്ക് ക്ഷണിക്കണം.
- പ്രസിഡന്റിന്റേയും വാർഡ് മെമ്പറിന്റേയും പേരിൽ നൽകുന്ന കത്തിൽ ഈ കുടുംബകൂട്ടത്തിന്റെ ആവശ്യകത, പ്രസക്തി, അതിൽ ഓരോരുത്തരും പങ്കെടുക്കേണ്ടതിന്റെ ആവശ്യകത, അവരുടെ ഉത്തരവാദിത്വം എന്നിവ ഉണ്ടാവണം.
- കൂട്ടാമായിപോയി വേണം യോഗത്തിലേക്ക് ക്ഷണിക്കാൻ ഇതിന്റെ ആവശ്യകത, പങ്കെടുക്കേണ്ടതിന്റെ ആവശ്യകത എന്നിവ രണ്ട് മിനിറ്റ് വീട്ടുകാരുമായി സംസാരിച്ചിട്ട് വേണം ക്ഷണകത്ത് നൽകേണ്ടത്.

**6. കുടുംബക്കൂട്ടയോഗം**

കുടുംബക്കൂട്ട യോഗത്തിൽ വാർഡ് മെമ്പർ പങ്കെടുക്കണം, വിശയം അവതരിപ്പിക്കേണ്ട വരും പങ്കെടുക്കണം. വാർഡ് മെമ്പർ പങ്കെടുക്കണം, വിഷയം അവതരിപ്പിക്കേണ്ടവരും പങ്കെടുക്കണം. വാർഡ്മെമ്പറും വിഷയാവതാരകരും അവതരണം നടത്തിയ ശേഷം ആറ് കുടുംബ മിത്രങ്ങളെ (വോളന്റിയേഴ്സിനെ) തെരഞ്ഞെടുക്കണം. അവരുടെ വിശദവിവരം ഒരു ഫോർമാറ്റിൽ രേഖപ്പെടുത്തി വാങ്ങണം. ഫോർമാറ്റിന്റെ മോഡൽ ചുവടെ ചേർക്കുന്നു.

**....................ഗ്രാമപഞ്ചായത്ത്**

**കുടുംബമിത്രങ്ങളുടെ വിവരശേഖരണം**

വാർഡിന്റെ പേര്:........................................... നമ്പർ...........................

കുടുംബത്തിന്റെ പേര്: ..........................................................................

| ക്രമ നം. | പേര്, വിലാസം | ഫോൺ നമ്പർ<br>ഇ-മെയിൽ ഐ.ഡി | വയസ്സ് | വിദ്യാഭ്യാസം | തൊഴിൽ |
|---|---|---|---|---|---|
| | | | | | |

7. <u>വാർഡ്തല കുടുംബക്കൂട്ട യോഗം</u>

വാർഡ് തലത്തിൽ നേരത്തേ സൂചിപ്പിച്ചപോലെ യോഗം വിളിച്ച് ചേർക്കണം. മുകളിൽ കൊടുത്തത് പോലെ ജനറൽബോഡിയുടേയും കമ്മറ്റിയുടേയും വിശദവിവരം രേഖപ്പെടുത്തി എടുക്കണം. പഞ്ചായത്ത്തല ശിൽപ്പശാല കഴിഞ്ഞാൽ ഒര് ആഴ്ച്ചകൊണ്ട് ഈ പരിപാടി വാർഡ്തലം വരെ പൂർത്തിയാക്കി വാർഡുകളിൽ പ്രഖ്യാപനങ്ങൾ നടത്തണം, പഞ്ചായത്ത് തലത്തിൽ ഉത്ഘാടനം നടത്തണം.

8. **പഞ്ചായത്ത്തല പരിശീലനം**

1. ആസൂത്രണ സമിതി കൂടി പരിശീലന മോഡ്യൂൾ തയ്യാറാക്കണം
2. വാർഡ് ജനറൽബോഡികൾക്കും, കുടുംബമിത്രങ്ങൾക്കും പരിശീലനം നൽകണം.
3. ഇതിന്റെ തുടർച്ചയായി എല്ലാ കുടുംബകൂട്ടങ്ങളും ചേർന്ന് അത്യാവശ്യം വേണ്ട വിവരങ്ങൾ ശേഖരിക്കുകയും, 14-ാം പദ്ധതി ആശയ രൂപീകരണ ചർച്ചകൾ നടക്കുകയും വേണം. ഇതിനായി ചർച്ചയ്ക്കുള്ള കുറിപ്പ് തയ്യാറാക്കി നൽകണം.
4. ശേഖരിച്ച വിവരങ്ങൾ വാർഡ്തലത്തിൽ ക്രോഡീകരിക്കണം, പഞ്ചായത്ത് തലത്തിൽ ക്രോഡീകരിക്കണം, ഇതിനായി ഒരാഴ്ച്ചത്തെ സമയമേ എടുക്കാൻ പാടുള്ളൂ.

# <u>കുടുംബ കൂട്ടവും, സമഗ്ര വികസനവും</u>

മാർഗ്ഗരേഖ

ഗ്രാമപഞ്ചായത്തിന്റെ സമഗ്ര വികസനം ജനപങ്കാളിത്തത്തോടെ ഉറപ്പ് വരുത്തുന്നതിന് ഉതകുന്ന തരത്തിൽ പഞ്ചായത്ത് മുതൽ ഓരോ കുടുംബം വരേയും കുടുംബം മുതൽ പഞ്ചായത്ത് വരെയുമുള്ള ഒരു സംവിധാനത്തിന് രൂപം കൊടുക്കേണ്ടതുണ്ട് ഭരണവും, ആസൂത്രണവും നിർവ്വഹണവും കൂടുതൽ സുതാര്യവും പങ്കാളിത്തപരവും ആക്കുന്നതിന് ജനകീയാസൂത്രണം കൂടുതൽ മൂർത്തമായ രൂപത്തിൽ, ജനങ്ങളുടെ ഉത്തരവാദിത്വത്തിൽ നിർവ്വഹിക്കുന്നതിന് ഇത്തരത്തിൽ സ്ഥായിയായ ഒരു സംവിധാനം അനിവാര്യമാണ്.

## <u>കൂടുംബക്കൂട്ടം</u>

ഭൂമിശാസ്ത്രപരമായി അടുത്തടുത്ത് വരുന്ന ശരാശരി 50 വീടുകളേയും ആ ഭൂപ്രദേശത്തേയും ചേർത്താണ് കുടുംബക്കൂട്ടങ്ങൾക്ക് രൂപം നൽകുന്നത്. ഒരു കുടുംബക്കൂട്ടത്തിൽ ഓരോ കുടുംബത്തിലേയും കുട്ടികൾ അടക്കം മുഴുവൻ പേരും അംഗങ്ങളായിരിക്കും. കൂടാതെ പഞ്ചായത്തിന്റെ പൊതുസ്ഥാപനങ്ങൾ, കവലകൾ, റോഡുകൾ, പാലങ്ങൾ, ഇടവഴികൾ തുടങ്ങി എല്ലാം ഏതെങ്കിലും കുടുംബകൂട്ടത്തിന്റെ ഭാഗമായിരിക്കും.

**ലക്ഷ്യങ്ങൾ**

1. ഭൂമിശാസ്ത്രപരമായി അതിർത്തി തിരിച്ചിട്ടുള്ളതും 50 വീടുകൾ ഉൾപ്പെടുന്നതുമായ ഭൂപ്രദേശത്തിന്റെ സമഗ്ര വികസനത്തിന് കൂട്ടായി പ്രവർത്തിക്കുക.
2. ടി ഭൂപ്രദേശത്തിലെ പൊതു ആസ്തികളുടെ സംരക്ഷണ ഉത്തരവാദിത്വം വഹിക്കുക
3. ടി ഭൂപ്രദേശത്തെ മുഴുവൻ ആളുകളുടേയും ആരോഗ്യക്ഷേമ പ്രവർത്തനത്തിനു വേണ്ടി കൂട്ടായി പ്രവർത്തിക്കുക
4. ടി ഭൂപ്രദേശത്തെ ജനവിഭാഗത്തിന്റെ ജീവനോപാധികളും തൊഴിൽ മേഖലയും പരപോഷിപ്പിക്കുകയും ശാക്തീകരിക്കുകയും ചെയ്യുക.
5. കലാ സാംസ്കാരിക പരിപോഷണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.
6. കേന്ദ്ര സംസ്ഥാന സർക്കാരുകളും, ത്രിതല പഞ്ചായത്തുകളും നടപ്പിലാക്കുന്ന വികസന പദ്ധതികളുടെ ആസൂത്രണം- നിർവ്വഹണം, വിഭവ സമാഹരണം, പരിപാലനം എന്നീ പ്രവർത്തനങ്ങളിൽ പഞ്ചായത്തിനെ സഹായിക്കുക.
7. സന്നദ്ധ ജീവകാരുണ്യ പ്രവർത്തനങ്ങളിൽ മനുഷ്യ വിഭവ ശേഷി ഉറപ്പാക്കുക
8. പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുക
9. ടി ഭൂപ്രദേശത്തെ സ്ത്രീകളുടെയും കുട്ടികളുടേയും പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പ്രദേശിക ഗവൺമെന്റിനെ സഹായിക്കുക.

10. ഗ്രാമസഭാ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് ഗ്രാമസഭ സംഘാടനം, ഗ്രാമസഭാ പങ്കാളിത്തം എന്നിവ ഉറപ്പാക്കുന്നതിന് ഗ്രാമപഞ്ചായത്തിനെ സഹായിക്കുക.
11. മണ്ണ്, ജലം, ജൈവസമ്പത്ത് എന്നിവയുടെ സംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുക.
12. ഭക്ഷ്യ സ്വയംപര്യാപ്തത കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കുക.
13. ടി ഭൂപ്രദേശത്തെ മാലിന്യ സംസ്കരണം ശുചിത്വ പരിപാടികൾ സംഘടിപ്പിക്കുക, ആരോഗ്യ സംരക്ഷണവും, കായികശേഷി വികസനവും ലക്ഷ്യമാക്കിയുള്ള പ്രവർത്തികൾ സംഘടിപ്പിക്കുക.
14. പഞ്ചായത്തിന്റെ ആസൂത്രണം, നിർവ്വഹണം, വിഭവ സമാഹരണം എന്നിവയെ സഹായിക്കുക, നിർദ്ദേശാനുസരണം ഏറ്റെടുത്ത് ചെയ്യുക.
15. പഞ്ചായത്ത് ആവശ്യപ്പെടുന്ന പ്രവർത്തികൾ ഏറ്റെടുത്ത് ചെയ്യുക.
16. അതിക്രമങ്ങൾ, അനാചാരങ്ങൾ, ദുഷ്പ്രവണതയിൽ എന്നിവയ്ക്ക് എതിരെ കൂട്ടായി പ്രവർത്തിക്കുക.
17. പൗരബോധന പരിപാടികൾ സംഘടിപ്പിക്കുക.

**കുടുംബകൂട്ടത്തിന്റെ പ്രവർത്തന സമീപനം**

1. പ്രവർത്തനങ്ങൾ സുതാര്യമായിരിക്കണം
2. ഏത് പ്രവർത്തിയും കുടുംബ കൂട്ടത്തിന്റെ തീരുമാനത്തിന് അനുസരിച്ചായിരിക്കണം.
3. കുറഞ്ഞത് മാസത്തിൽ ഒരു തവണയെങ്കിലും കുടുംബകൂട്ടം ചേരണം
4. ഒര് വീടിനെപ്പോലും കുടുംബ കൂട്ടത്തിൽ നിന്നും ഒഴിവാക്കരുത്.
5. തീരുമാനങ്ങൾ എടുക്കലും, നിർവ്വഹിക്കലും, വിലയിരുത്തലും കൂട്ടായി ആയിരിക്കണം.
6. കുടുംബകൂട്ടം എന്നതിനൊപ്പം, വാർഡും പഞ്ചായത്തും എന്നതും പ്രവർത്തന സമീപനവുമായിരിക്കണം.
7. പഞ്ചായത്ത്, വാർഡ് വിഭാവനം ചെയ്ത് അറിയിക്കുന്ന പ്രവർത്തനങ്ങൾ വിജയിപ്പിക്കുക എന്നത് പ്രവർത്തന സമീപനമാണ്.

സാമൂഹ്യനീതി, മനുഷ്യാവകാശം, മനുഷ്യത്വം, പരിസ്ഥിതി, ജന്റർ എന്നിവയെ അടിസ്ഥാനപ്പെടുത്തിയായിരിക്കണം പ്രവർത്തനങ്ങൾ

<u>ഘടന</u>

ഒരു കുടുംബക്കൂട്ടത്തിന് നേതൃത്വം നൽകാനായി 6 വോളന്റിയർമാരെ (കുടുംബമിത്രങ്ങളെ) കുടുംബ കൂട്ടത്തിൽ നിന്നും തെരഞ്ഞെടുക്കും. ഇതിൽ ഒരാൾക്ക് കൺവീനറുടെ ചുമതല കൂടിനൽകും. അതോടൊപ്പം ആറ് പേർക്കും ചുവടെ കൊടുത്തിട്ടുള്ള ചുമതലകളും ഉണ്ടാവും.

1. ഉത്പാദന മേഖല, പരിസ്ഥിതി

2. ക്ഷേമം, സാമൂഹ്യ സുരക്ഷ, ദാരിദ്ര്യ ലഘൂകരണം
3. പശ്ചാത്തല വികസനം, ഊർജ്ജം
4. വനിത, വയോജനം, യുവജന ക്ഷേമം, ട്രാൻസ്ജെന്റർ, ഭിന്നശേഷിക്കാർ
5. ആരോഗ്യം, കുടിവെള്ളം, ശുചിത്വം, ദുരന്തനിവാരണം
6. വിദ്യാഭ്യാസം, കല, കായികം, സംസ്ക്കാരം, കുട്ടികൾ

- ഓരോ പ്രാവശ്യം യോഗം നടക്കുമ്പോഴും പങ്കെടുക്കുന്നവരിലെ മുതിർന്ന അംഗം അല്ലെങ്കിൽ കൂട്ടായ്മ തീരുമാനിക്കുന്ന ഒരാൾ അദ്ധ്യക്ഷനാകേണ്ടതാണ്.
- പഞ്ചായത്ത് ജനപ്രതിനിധികൾ, പഞ്ചായത്ത് വാർഡ് ആസൂത്രണ സമിതി അംഗങ്ങൾ എന്നിവർ യോഗത്തിന്റെ ഉപരി കമ്മറ്റി അംഗങ്ങളായി പങ്കെടുക്കാവുന്നതാണ്.
- യോഗ നടപടികൾ മിനിറ്റ്സ് ബുക്കിൽ തൽസമയം രേഖപ്പെടുത്തേണ്ടതാണ്.

**<u>ആരായിരിക്കണം വോളന്റിയേഴ്സ്(കുടുംബമിത്രങ്ങൾ)</u>**

- സന്നദ്ധ പ്രവർത്തകരായിരിക്കണം
- പൊതുപ്രവർത്തനത്തിൽ അനുഭവ സമ്പത്ത് ഉള്ളവർക്ക് മുൻഗണന നൽകണം
- 18 നും 45 നും ഇടയ്ക്ക് പ്രായമുള്ളവരായിരിക്കണം.
- ഉയർന്ന വിദ്യാഭ്യാസമുള്ളവർക്ക് മുൻഗണന നൽകാം.
- അറ്റ് ജോലികൾ ഉള്ളവർക്കും ആകാം.
- കുടുംബകൂട്ടത്തിന് പൊതുസമ്മതിയുള്ളവരായിരിക്കണം

**<u>കുടുംബമിത്രങ്ങളുടെ (വോളന്റിയേഴ്സിന്റെ) പ്രധാന ഉത്തരവാദിത്വങ്ങൾ</u>**

1. കുടുംബക്കൂട്ട യോഗം വിളിച്ചു ചേർക്കാൻ കൺവീനറെ സഹായിക്കുക.
2. യോഗത്തിന്റെ മിനിറ്റ്സ് എഴുതാൻ കൺവീനറെ സഹായിക്കുക, അവരുടെ വിഷയ ഗ്രൂപ്പിന്റെ മിനിറ്റ്സ് തയ്യാറാക്കുക. യോഗങ്ങളിൽ അവതരിപ്പിക്കുക.
3. തീരുമാനങ്ങൾ നടപ്പിലാക്കാൻ കൺവീനറെ സഹായിക്കുക, അവരവരുടെ വിഷയഗ്രൂപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ കൂട്ടായി നടപ്പാക്കുക.
4. എല്ലാവരുടേയും സഹകരണവും കൂട്ടായ്മയും ഉറപ്പ് വരുത്തുക
5. ബന്ധപ്പെട്ട വിഷയങ്ങളിൽ കുടുംബ കൂട്ടത്തിനകത്ത് പരിപാടികൾ, കൂട്ടായി ആലോചിച്ച് ആസൂത്രണം ചെയ്യുക അത് കൂട്ടായി നടപ്പിലാക്കാൻ പൊതുവിൽ സഹായിക്കുക അതത് വിഷയവുമായി ബന്ധപ്പെട്ടവ നടപ്പിലാക്കാൻ പ്രത്യേകം ശ്രദ്ധയും നേതൃത്വവും നൽകുക.
6. പരമാവധി വിഭവ സമാഹരണ സാധ്യതകൾ കണ്ടെത്തി, ഉറപ്പ് വരുത്തുക.
7. വാർഡ്തലത്തിലേക്കും, പഞ്ചായത്തിലേക്കും കൊടുക്കേണ്ട നിർദ്ദേശങ്ങൾ, ആവശ്യങ്ങൾ സഹായങ്ങൾ എഴുതി തയ്യാറാക്കി നൽകുക.
8. വാർഡ്, പഞ്ചായത്ത്തല യോഗങ്ങളിൽ പങ്കെടുക്കുക.
9. വാർഡ് പഞ്ചായത്ത് തലത്തിൽ തീരുമാനിക്കുന്ന പരിപാടികൾ നടപ്പിലാക്കുക.

10. കുടുംബക്കൂട്ടത്തിലെ രേഖകൾ, രജിസ്റ്ററുകൾ സൂക്ഷിക്കാൻ കൺവീനറെ സഹായിക്കുക
11. കുടുംബക്കൂട്ടത്തിൽ നടക്കുന്ന, നടന്ന പ്രവർത്തനങ്ങൾ ഡോക്യുമെന്റ് ചെയ്യാൻ സഹായിക്കുക.
12. ബന്ധപ്പെട്ട വിഷയങ്ങളിലെ വിവരങ്ങൾ കൂട്ടായി ശേഖരിച്ച് സൂക്ഷിക്കുക.
13. ബന്ധപ്പെട്ട വിഷയങ്ങളിൽ സമഗ്ര പദ്ധതികൾക്ക് രൂപം നൽകുക
14. പഞ്ചായത്തിന്റെ ആവശ്യങ്ങൾ, നിർദ്ദേശങ്ങൾ, പരിപാടികൾ എന്നിവ കുടുംബകൂട്ടം കൂടി സമയബന്ധിതമായി നിർവ്വഹിക്കാൻ വേണ്ട പരിപാടി തയ്യാറാക്കുക

**കൺവീനറുടെ പ്രധാന ഉത്തരവാദിത്വങ്ങൾ**

1. കുടുംബയോഗങ്ങൾ വിളിച്ച് ചേർക്കുക
2. യോഗത്തിന്റെ മിനിറ്റ്സ് എഴുതുക
3. തീരുമാനങ്ങൾ കൂട്ടായി നടപ്പിലാക്കാൻ നേതൃത്വം നൽകുക.
4. എല്ലാവരുടേയും സഹകരണവും കൂട്ടായ്മയും ഉറപ്പ് വരുത്തുക
5. കുടുംബകൂട്ടത്തിലെ രേഖകൾ, രജിസ്റ്ററുകൾ സൂക്ഷിക്കുക
6. റിപ്പോർട്ടുകൾ തയ്യാറാക്കി കമ്മറ്റിയിൽ അവതരിപ്പിക്കുക.
7. തീരുമാനമെടുക്കേണ്ട വിഷയങ്ങൾ തയ്യാറാക്കി കമ്മറ്റിയിൽ അവതരിപ്പിക്കുക
8. വരവ് ചെലവ് കണക്ക് തയ്യാറാക്കി സൂക്ഷിക്കുക അവതരിപ്പിക്കുക.
9. കുറഞ്ഞത് ആഴ്ച്ചയിൽ ഒരിക്കലെങ്കിലും കുടുംബമിത്രങ്ങളുടെ(വോളന്റിയേഴ്സിന്റെ) യോഗങ്ങൾ ചേരുക.

**കുടുംബ കൂട്ടത്തിൽ നടക്കേണ്ട പ്രവർത്തനങ്ങൾ**

ഓരോ കുടുംബക്കൂട്ടവും സ്വയം പ്രവർത്തിക്കേണ്ട ഒരു ഭരണതലമാണ്. സ്വയം പ്രവർത്തിക്കുന്നതോടൊപ്പം പഞ്ചായത്തിന്റെ വാർഡിന്റെ ആവശ്യങ്ങൾ, നിർദ്ദേശങ്ങൾ അനുസരിച്ചും പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്. ഇത്തരത്തിൽ ചുവടെകൊടുത്തിട്ടുള്ള പ്രവർത്തനങ്ങളാണ് ഏറ്റെടുത്ത് നടത്തേണ്ടത്.

1. കുടുംബക്കൂട്ടത്തിന്റെ മാപ്പ് (ഭൂപടം) തയ്യാറാക്കി സൂക്ഷിക്കുക.
2. കുടുംബത്തിന്റേയും സാമൂഹ്യ സാമ്പത്തിക, പൊതുആസ്തി, സ്ഥിതിവിവരങ്ങൾ ശേഖരിച്ച് സൂക്ഷിക്കുക.
3. കുടുംബക്കൂട്ടത്തിന്റെ വിവിധ സമഗ്ര കർമ്മ പദ്ധതികൾ തയ്യാറാക്കുക, നടപ്പിലാക്കുക.
4. കുടുംബക്കൂട്ടത്തിൽ ഓരോ വിഷയവുമായി ബന്ധപ്പെട്ട് സമ്പൂർണ്ണമാക്കി പ്രഖ്യാപിക്കുന്നതിനുള്ള പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക.
5. കുടുംബക്കൂട്ട പ്രദേശത്തെ പൊതുആസ്ഥികളുടെ സംരക്ഷണം പരിപാലനം
6. കുടുംബക്കൂട്ടത്തിൽ ക്ലാസ്സുകൾ, സെമിനാറുകൾ സംഘടിപ്പിക്കുക

7. കുടുംബക്കൂട്ടങ്ങൾ കൂടി സമൂഹത്തിന്റെ ദുഷ്പ്രവണതകൾ, കൃത്യമായ നടത്തിപ്പ്, പരിപാലനം തുടങ്ങിയവക്കായി ചർച്ച ചെയ്ത് ചില പൊതു നോംസ് വികസിപ്പിക്കുക, നടപ്പാക്കുക.
8. കുടുംബക്കൂട്ടത്തിൽ കല, കായിക, പരിശീലനങ്ങൾ സംഘടിപ്പിക്കുക.
9. ആരോഗ്യ പരിപാലനത്തിന്റെ ഭാഗമായി വ്യായാമം, യോഗ തുടങ്ങിയവ സംഘടിപ്പിക്കുക
10. കുടുംബങ്ങളിലെ വിവിധങ്ങളായ പ്രശ്നങ്ങൾ പരിഹരിക്കുക
11. പൊതുമുതലുകൾ കേട് വരുത്താതെ, മനോഹരമായി സംരക്ഷിക്കുക
12. കുടുംബകൂട്ടങ്ങൾ തനത് പരിപാടികൾ ആസൂത്രണം ചെയ്യുന്നതിനൊപ്പം വാർഡിൽ, പഞ്ചായത്തിൽ, ചെയ്യേണ്ട പരിപാടികളും ആസൂത്രണം ചെയ്യണം.
13. കുടുംബങ്ങൾ തയ്യാറാക്കുന്ന, വിഭാവനം ചെയ്യുന്ന പരിപാടികളുടെ നിർവ്വഹണം, മോണിറ്ററിംഗ് ഡോക്യുമെന്റേഷൻ എന്നിവയ്ക്കായി വിവിധ സ്ഥാപനങ്ങൾ, സംവിധാനങ്ങൾ, വ്യക്തികൾ എന്നിവിടങ്ങളിൽ നിന്നും കുടുംബകൂട്ട തീരുമാനമനുസരിച്ച് വിഭവ സമാഹരണം നടത്താവുന്നതാണ്.
14. വർഷത്തിൽ ഒരിക്കൽ ആ കുടുംബകൂട്ടത്തിൽ നടന്ന എല്ലാ പ്രവർത്തനങ്ങളും സോഷ്യൽ ആഡിറ്റിന് വിധേയമാക്കേണ്ടതാണ്.
15. ഗ്രാമസഭകൾ, വാർഡ് തല യോഗങ്ങൾ, പഞ്ചായത്ത്തല യോഗങ്ങൾ എന്നിവയിൽ പങ്കെടുക്കേണ്ടവർ അവിടെ എന്ത് അവതരിപ്പിക്കണം എന്നത് സംബന്ധിച്ച് ചർച്ച ചെയ്ത് തീരുമാനിച്ച് പങ്കെടുക്കണം.
16. വൃത്തിയുള്ള, ശുദ്ധമായ, സമാധാനവും സന്തോഷവുമുള്ള മനോഹരവുമായ കുടുംബക്കൂട്ടങ്ങൾ എന്ന ലക്ഷ്യത്തിനായി പ്രവർത്തിക്കുക
17. സ്വയംപര്യാപ്ത കുടുംബക്കൂട്ടങ്ങൾ എന്ന ലക്ഷ്യത്തിനായി പ്രവർത്തിക്കുക.
18. പ്രകൃതി വിഭവ പരിപാലന പഠന റിപ്പോർട്ടുകൾ തയ്യാറാക്കുക
19. വിവിധ വികസന സാധ്യതകൾ പ്രശ്നങ്ങൾ എന്നിവ വിലയിരുത്തുക
20. തരിശു ഭൂമികൾ കൃഷി യോഗ്യമാക്കുക
21. സേവന- സന്നദ്ധ പ്രവർത്തനങ്ങൾ നടത്തുക
22. പഞ്ചായത്ത് ഭരണസമിതി, വാർഡ് ആസൂത്രണ സമിതി എന്നിവയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലോ, ആവശ്യമാകുന്ന പക്ഷം സ്വന്തം നിലയിലെ കുടുംബക്കൂട്ടായ്മകൾ യോഗം ചേരേണ്ടതാണ്.
23. ഉപഗ്രൂപ്പുകൾ കൂട്ടായ്മകൾ എന്നിവ രൂപീകരിക്കാവുന്നതാണ്.
24. ജൈവകൃഷി, തരിശു കൃഷി- ഭക്ഷ്യ സ്വയം പര്യാപ്തത ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കാവുന്നതാണ്.

25. കുടുംബക്കൂട്ടായ്മകൾ നടപ്പിലാക്കുന്ന തനത്പരിപാടികൾ വാർഡ്തല ആസൂത്രണ സമിതിയിലും വാർഡുതല ആസൂത്രണ സമിതികൾ നടപ്പിലാക്കുന്ന പരിപാടികൾ പഞ്ചായത്ത് തല ആസൂത്രണ സമിതിയിലും ചർച്ച ചെയ്യേണ്ടതാണ്.
26. ചില തൊഴിൽ സംരംഭങ്ങൾ, ഔട്ട്ലെറ്റുകൾ എന്നിവ ആരംഭിക്കുക
27. വാതിൽപ്പടി സേവനം നൽകുക. അതിനായി കുടുംബമിത്രങ്ങൾക്ക് 10 വീടിന് ഒരാൾ എന്ന നിലയ്ക്ക് ചുമതല നൽകുക.
28. കുടുംബക്കൂട്ടത്തിൽ വൈസ്മെൻ കൂട്ടായ്മക്ക് രൂപം നൽകുക. അവരുടെ പ്രവർത്തന ങ്ങളെ സഹായിക്കുക.
29. കുടുംബക്കൂട്ടത്തിൽ കുട്ടികളുടെ കൂട്ടായ്മക്ക് രൂപം നൽകുക. അവരുടെ പ്രവർത്തന ങ്ങളെ സഹായിക്കുക. കുട്ടികളുടെ ടാലന്റ് തിരിച്ചറിഞ്ഞ് മെച്ചപ്പെടുത്താനായി പ്രവർത്തനങ്ങൾ വിഭാവനം ചെയ്യുക.
30. തുടർ പഠനത്തിന് കഴിയാത്ത കുട്ടികളെ കണ്ടെത്തി പ്രശ്നങ്ങൾ തിരിച്ചറിഞ്ഞ് സഹാ യിക്കുക.
31. വിവിധ തൊഴിൽ ചെയ്യാൻ താൽപ്പര്യമുള്ളവരെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുക.
32. ഒരു കുടുംബക്കൂട്ടത്തിൽ ഒര് തൊഴിൽ സംരംഭമെങ്കിലും തുടങ്ങാൻ കഴിയണം.

**സൂക്ഷിക്കേണ്ട രേഖകൾ**

1. മിനിറ്റ്സ് ബുക്ക്
2. കണക്ക് ബുക്ക്
3. വിവരം രേഖപ്പെടുത്തിയ രജിസ്റ്റർ
4. പ്രവർത്തനങ്ങളുടെ ഫയൽ
5. അംഗത്വ രജിസ്റ്റർ
6. കുടുംബത്തിന്റെ മാപ്പ്

**അംഗത്വ രജിസ്റ്റർ**

ഭൂമിശാസ്ത്രപരമായി അതിർത്തി തിരിച്ചിട്ടുള്ളതും 50 കുടുംബങ്ങൾ ഉൾപ്പെടുന്നതു മായ സൂക്ഷ്മ വികസന മേഖല . ഈ പ്രവർത്തന മേഖലയിലെ കുടുംബങ്ങളാണ് കുടുംബ കൂട്ടായ്മയിലെ അംഗങ്ങൾ. ആയതിനാൽ കുടുംബനാഥന്റെ പേര്, മേൽവിലാ സം, കുടുംബാംഗങ്ങളുടെ വിവരങ്ങൾ എന്നിവ രേഖപ്പെടുത്തിയ ഒരു അംഗത്വ രജിസ്റ്റർ കുടുംബ കൂട്ടായാമകളിൽ സൂക്ഷിക്കേണ്ടതാണ്. കുടുംബകൂട്ടായ്മയുടെ അതിരുകൾ തിരിച്ച് അംഗത്വ രജിസ്റ്ററിൽ രേഖപ്പെടുത്തേമ്ടതാണ്.

**വികസനരേഖ**

സമഗ്ര വിവര ശേഖരണത്തിന്റെ ഭാഗമായി കിട്ടുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ കുടുംബകൂട്ടായാമയുടെ പ്രവർത്തന മേഖലയുടെ സമഗ്രവും സൂക്ഷ്മവുമായ ഒരു വികസ

നരേഖ എഴുതി സൂക്ഷിക്കേണ്ടതും, അതിന്റെ അടിസ്ഥാനത്തിൽ കർമ്മ പരിപാടി തയ്യാറാക്കേണ്ടതുമാണ്.

**വാർഡ് വികസനകൂട്ടം**

വാർഡ് തലത്തിൽ ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത് വാർഡ്തല വികസനക്കൂട്ടത്തിന് രൂപം നൽകേണ്ടത്. ഇവരിൽ വാർഡ് മെമ്പറും ഉദ്യോഗസ്ഥ പ്രതിനിധികളും കൂടാതെ 9 വിദഗ്ദ്ധരും ഉണ്ടാവും.

**വാർഡ് വികസനക്കൂട്ടായ്മയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനങ്ങളും**

1. കുടുംബ കൂട്ടായ്മയുടെ പ്രവർത്തനങ്ങളെ സഹായിക്കുക
2. കുടുംബകൂട്ടങ്ങൾ ആവശ്യപ്പെടുന്ന പരിശീലനങ്ങൾ നൽകുക
3. വാർഡ്തല പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുക
4. ഓരോ വിഷയത്തിലേയും പ്രവർത്തനങ്ങൾ വാർഡ്തലത്തിൽ ഏകോപിപ്പിക്കുക.
5. വാർഡ്തലത്തിൽ ഡേറ്റാബെയ്സ് തയ്യാറാക്കി സൂക്ഷിക്കുക
6. വാർഡ് ഓഫീസ്സിന്റെ പ്രവർത്തനങ്ഹൾ നടത്തിപ്പ് എന്നിവയ്ക്ക് നേതൃത്വം നൽകുക.
7. തൊഴിൽ സാക്ഷരതക്ക് നേതൃത്വം നൽകുക.
8. വാർഡ്തല സ്പോഴ്സ് കൗൺസിലിന്റെ പ്രവർത്തനത്തിന് നേതൃത്വം നൽകുക.
9. വാർഡ്തല ജാഗ്രതാ സമിതി പ്രവർത്തനങ്ങൾക്ക് വേണ്ട സഹായം ചെയ്ത് നൽകുക.
10. വൈസ് മെൻ- ക്ഷേമം, തൊഴിൽ, ആരോഗ്യ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക. വൈസ്മെൻ വാർഡ് തല കൂട്ടായ്മയുടെ പ്രവർത്തനത്തിന് വേണ്ട സഹായം നൽകുക.
11. വാർഡ് തലത്തിൽ ബാലസഭയുടെ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.
12. കുട്ടികളുടെ ടാലന്റ് തിരിച്ചറിഞ്ഞ് വികസിപ്പിക്കാനായി പരിപാടികൾ തയ്യാറാക്കി കുടുംബ കൂട്ടങ്ങൾക്ക് നൽകുക.
13. വാർഡിൽ കുടുംബകൂട്ടങ്ങൾ കണ്ടെത്തുന്ന തൊഴിൽ ചെയ്യാൻ താൽപര്യമുള്ളവർക്ക് വേണ്ട മോട്ടിവേഷൻ നൽകുക.
14. പ്രീമിയർ കൗൺസിലിങ്ങ്, അഡോളസെന്റ് കൗൺസിലിങ്ങ് , മോട്ടിവേഷൻ, കരിയർ ഗൈഡൻസ് എന്നിവയ്ക്ക് വേണ്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുക.
15. ഒരു വാർഡിൽ ഒരു ലൈബ്രറി കം നോളജ് സെന്റർ ആരംഭിക്കുക
16. ഒരു വാർഡിൽ മെന്റൽ, ആന്റ് ഫിസിക്കൽ റിഫ്രഷ്മെന്റ് സെന്റർ ആരംഭിക്കും.
17. കുട്ടികളുടെ ശാസ്ത്ര, പരിസ്ഥിതി, സാമൂഹിക അവബോധം സൃഷ്ടിക്കുക.

18. കുറഞ്ഞത് ഒരു തവണ ജനറൽ ബോഡിയും കമ്മറ്റി കുറഞ്ഞത് മാസത്തിൽ രണ്ട് തവണയും ചേരണം
19. കുടുംബക്കൂട്ടത്തിലെ വിഷയ ഗ്രൂപ്പ് അംഗങ്ങളെ ക്കൂടി ഉൾപ്പെടുത്തി വാർഡ്തല സബ്കമ്മറ്റികൾക്ക് രൂപം നൽകണം.
20. വാർഡ് തല, നിർവ്വഹണം, മോണിറ്ററിംഗ് എന്നിവയ്ക്ക് നേതൃത്വം നൽകണം
21. വാർഡ്തല വിവരങ്ങൾ ശേഖരിച്ച് സൂക്ഷിക്കണം
22. വാർഡ് ഓഫീസ്സിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുക.

**ഘടന**

വാർഡ് മെമ്പർ, വാർഡിന്റെ ചുമതലയുള്ള ആരോഗ്യപ്രവർത്തകർ, വാർഡ് ചുമതലയുള്ള കൃഷി ഉദ്യോഗസ്ഥർ ഗ്രാമസഭാ കോഡിനേറ്റർ, അങ്കൺവാടി വർക്കർമാർ, ആശാ വർക്കർമാർ, ഇവരെ കൂടാതെ ആ വാർഡിൽ സ്ഥിതി ചെയ്യുന്ന പഞ്ചായത്തിന്റെ സ്ഥാപന ങ്ങളുടെ മേധാവികൾ/ പ്രതിനിധി എന്നിവരെ കൂടാതെ,

വിവിധ വിഷയങ്ങളിൽ വൈദഗ്ദ്ധ്യമുള്ളവർ എഡിഎസ് ചെയർപേഴ്സൺ, 9 പേർ, കുടും ബക്കൂട്ട കൺവീനർമാർ

| | | |
|---|---|---|
| വാർഡ് മെമ്പർ | – | അദ്ധ്യക്ഷൻ |
| കൺവീനർ | – | ഗ്രാമസഭാകോഡിനേറ്ററായ ഉദ്യോഗസ്ഥ/ൻ |
| ജോ. കൺവീനർ | – | വിദഗ്ദ്ധരായ രണ്ട് സന്നദ്ധ പ്രവർത്തകർ |
| അംഗങ്ങൾ | – | അംഗൻവാടി വർക്കർ |
| | | ADSചെയർപേഴ്സൺ |
| | | രാഷ്ട്രീയപാർട്ടി പ്രതിനിധികൾ |
| | | ആശാവർക്കർ |
| | | കുടുംബക്കൂട്ട കൺവീനർമാർ |

**വിഷയ ചുമതലകൾ**

1. ഉത്പാദനം
2. തൊഴിൽ, പ്രാദേശിക സാമ്പത്തിക വികസനം
3. ക്ഷേമം, സാമൂഹ്യ സുരക്ഷ, ദാരിദ്ര്യ ലഘൂകരണം
4. ആരോഗ്യം, കുടിവെള്ളം, ശുചിത്വം
5. പട്ടികജാതി, പട്ടികവർഗ്ഗം
6. പരിസ്ഥിതി, ആഗോളതാപനം, ദുരന്തങ്ങൾ
7. വിദ്യാഭ്യാസം, കല, കായികം, സംസ്ക്കാരം, കുട്ടികൾ
8. പശ്ചാത്തല മേഖല, ഊർജ്ജം
9. വനിത, വയോജനം, യുവജനം, ട്രാൻസ് ജെന്റേഴ്സ്, ഭിന്നശേഷിക്കാർ

കുടുംബക്കൂട്ടങ്ങളിൽ ഈ വിഷയവുമായി ബന്ധപ്പെട്ട് ചുമതലയുള്ളവരെ കൂട്ടി ചേർത്ത് വാർഡ്തല വിഷയ ഗ്രൂപ്പുകൾ പ്രവർത്തിപ്പിക്കാവുന്നതാണ്. അത് കൂടാതെ വാർഡ്തല ആസൂത്രണ സമിതിയിലെ മുഴുവൻ അംഗങ്ഹൾ ഓരോ വിഷയ ഗ്രൂപ്പിന്റേയും ചുമതല കൾ നൽകണം. ആസൂത്രണ സമിതിയിലെ എല്ലാവരും ഏതെങ്കിലും വിഷയ സമിതിയിൽ അംഗമായിരിക്കണം.

**ഓഫീസ്സ്**

വാർഡ് ഓഫീസ്സാണ് ഇതിന്റെ ഓഫീസ്സായി പ്രവർത്തിക്കേണ്ടത്. ഈ ഓഫീസ്സിൽ ഓഫീസ്സ് പ്രവർത്തനത്തിനായി ഒരാളെ നിയമിക്കാം. അവരുടെ നേതൃത്വത്തിൽ ഈ കേന്ദ്രം അക്ഷയ സെന്റർ പോലെ പ്രവർത്തിക്കും.